ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:21.07.2025

## പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് തുടക്കം. പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക് സഭ രണ്ടുമണിവരെ നിർത്തിവച്ചു.

2. ഓപ്പറേഷൻ സിന്ദൂറിലെ ഇന്ത്യയുടെ സൈനിക ശക്തിയുടെ വിജയത്തിൻറെ ആഘോഷമായി വർഷകാല സമ്മേളനം മാറണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി

3. അധ്യാപകനും സാമൂഹ്യപ്രവർത്തകനുമായ കണ്ണൂർ സ്വദേശി സി സദാനന്ദൻ മാസ്റ്റർ അടക്കം അഞ്ചുപേർ രാജ്യസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു

4. സംസ്ഥാനത്തെ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ടെത്തി സുരക്ഷാ പരിശോധന നടത്തുമെന്നു മന്ത്രി ശിവൻകുട്ടി.

5. മഴയ്ക്ക് ശമനമില്ല; 9 ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്

6. ഇന്ത്യയുടെ കൊനേരു ഹംപി വനിതാ ചെസ് ലോകകപ്പിൽ സെമിഫൈനലിൽ ഇടംനേടി. ചൈനീസ് താരം ലേയ് - ചിങ്ജിയെ നേരിടും.

&&&&&&&&&&&&&&&&&&

RNUTVPM

## പാർലമെൻറ് വർഷകാല സമ്മേളനം

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് തുടക്കം. 18-ാാം ലോകസഭയുടെ അഞ്ചാം സമ്മേളനമാണിത്. അടുത്തമാസം 21 വരെയാണ് സമ്മേളനം.

പഹൽഗാം ഭീകരാക്രമണത്തിലും എയർ ഇന്ത്യ എഐ-171 വിമാനാപകടത്തിലും കൊല്ലപ്പെട്ടവർക്ക് ലോക് സഭ ആദരാഞ്ജലികൾ അർപ്പിച്ചു. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള വിജയകരമായ യാത്രയ്ക്ക് ഗ്രൂപ്പ് ക്യാപ്റ്റൻ സുഭാൻഷു ശുക്ലയെ ലോക്സഭാ സ്പീക്കർ ഓം ബിർളയും അംഗങ്ങളും അഭിനന്ദിച്ചു.

ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ വിവിധ വിഷയങ്ങളിൽ മുദ്രാവാക്യം വിളിയുമായി പ്രതിപക്ഷ അംഗങ്ങൾ രംഗത്തുവന്നതോടെ ലോക്സഭയും രാജ്യസഭയും ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവച്ചു. നിർത്തിവച്ച ഇരുസഭയും പന്ത്രണ്ടുമണിയോടെ പനരാരംഭിച്ചു. എന്നാൽ ബഹളം തുടർന്നതോടെ ലോക് സഭ ഉച്ചക്കുശേഷം രണ്ടുമണിവരെ നിർത്തിവച്ചു.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി- ഇൻട്രോ

പാർലമെൻറിൻറെ വർഷകാല സമ്മേളനം രാജ്യത്തിൻറെ വിജയാഘോഷത്തിൻറെ സമ്മേളനമാണെന്ന് പ്രധാനമന്ത്രി

RNU TVPM

നരേന്ദ്രമോദി. സമ്മേളനത്തിന് മുന്നോടിയായി മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യൻ സായുധ സേനയുടെ ശക്തി ലോകം മുഴുവൻ വീക്ഷിച്ചു. പാർലമെൻറ് ഒറ്റക്കെട്ടായി ഈ വിജയത്തെ പ്രശംസിക്കുമ്പോൾ അത് രാജ്യത്തെ സൈനിക ശക്തിക്ക് ആർജ്ജവമേറ്റുമെന്നും ജനങ്ങളെ പ്രചോദിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

അന്താരാഷ്ട്ര ബഹിരാകാശ കേന്ദ്രത്തിൽ ആദ്യമായി കാലുകുത്തിയ ഇന്ത്യാക്കാരൻ എന്ന ചരിത്ര നേട്ടം സ്വന്തമാക്കിയ ശുഭാംശു ശുക്ല രാജ്യത്തിൻറെ അഭിമാനമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. രാജ്യ താല്പര്യം സംരക്ഷിക്കുന്നതിന് എല്ലാപാർട്ടികളും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

RNUTVPM

&&&&&&&&&&&&&&&&&&

**സദാനന്ദൻ**

അധ്യാപകനും സാമൂഹ്യപ്രവർത്തകനുമായ, കണ്ണൂർ കൂത്തുപറമ്പ് ഉരുവച്ചാൽ സ്വദേശി സി.സദാനന്ദൻ മാസ്റ്റർ രാജ്യസഭാ അംഗമായി സത്യപ്രതിജ്ഞ ചെയ്തു. മലയാളത്തിലാണ് അദ്ദേഹം സത്യവാചകം ചൊല്ലിയത്.

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ സത്യവാചകം ചൊല്ലിക്കൊടുത്തു.

(വോയ്സ്)

സദാനന്ദൻ മാസ്റ്റർ അടക്കം അഞ്ചുപേരാണ് ഇന്ന് രാജ്യസഭയിൽ സത്യപ്രതിജ്ഞ ചെയ്തത്. അസമി ൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളായ ബിരേന്ദ്ര പ്രസാദ് ബൈശ്യ, കന്നഡ് പുർകായസ്ത എന്നിവരും രാഷ്ട്രപതി നാമനിർദേശം ചെയ്ത ചരിത്രകാരി മീനാക്ഷി ജയിൻ, മുൻവിദേശകാര്യമന്ത്രി ഹർഷ വർധൻ സൃംഗ്ല എന്നിവരുമാണ് ഇന്ന് സത്യപ്രതിജ്ഞ ചെയ്തത്. കഴിഞ്ഞ

സമ്മേളനകാലത്തിന് ശേഷം വേർപിരിഞ്ഞ ഏഴ് മുൻ അംഗങ്ങൾക്ക് രാജ്യസഭ ശ്രദ്ധാഞ്ജലി അർപ്പിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&&

**മന്ത്രി ശിവൻകുട്ടി (ഇൻട്രോ)**

ഈ മാസം തന്നെ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ സ്കൂളുകളിൽ നേരിട്ടെത്തി സുരക്ഷാ പരിശോധന നടത്തുമെന്നു മന്ത്രി ശിവൻകുട്ടി. സർക്കാർ -എയ്ഡഡ് സ്കൂളുകളിൽ പരിശോധന നടത്തും. ഇതിനു ശേഷം അൺ-എയ്ഡഡ് സ്കൂളുകളിൽ പരിശോധന നടത്തും.സമയബന്ധിതമായി ഓഡിറ്റിങ് നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കണം. ഇത് സംബന്ധിച്ച്

നാളെ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം ചേരുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. (ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

**മന്ത്രി കെ.രാജൻ**

കേരളത്തിൽ ഒൻപതുവർഷത്തിനിടെ നാലുലക്ഷത്തി അൻപതിനായിരത്തിലേറെ പട്ടയങ്ങൾ വിതരണം ചെയ്യാനായെന്ന് മന്ത്രി കെ.രാജൻ. പത്തനംതിട്ട ജില്ലാതല പട്ടയമേളയുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. മന്ത്രി വീണാ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു .

RNU TVPM

&&&&&&&&&&&&&&&&&&

**ഓണക്കിറ്റ്**

ഇത്തവണത്തെ ഓണക്കാലത്ത് റേഷൻ കടകൾ വഴി ആറുലക്ഷം മഞ്ഞ കാർഡ് ഉടമകൾക്ക് 15 ഇനങ്ങളടങ്ങിയ ഓണക്കിറ്റ് സൗജന്യമായി നൽകും. അര ലിറ്റർ വെളിച്ചെണ്ണ, അര കിലോ പഞ്ചസാര, നെയ്യ്, കറിപ്പൊടികൾ എന്നിവയടക്കം സാധനങ്ങൾ കിറ്റിലുണ്ടാകും. ക്ഷേമസ്ഥാപനങ്ങളിലെ നാല് അംഗങ്ങൾക്ക് ഒന്ന് എന്ന കണക്കിലും കിറ്റ് സൗജന്യമായി നൽകും.നീല കാർഡുകാർക്ക് 10 കിലോ അരിയും, വെള്ളക്കാർഡുകാർക്ക്

15 കിലോ അരി, കിലോയ്ക്ക് പത്ത് രൂപ 90 പൈസ പ്രകാരവും വിതരണം ചെയ്യും. 94 ലക്ഷം കാർഡുകാർക്ക് 10 കിലോ K റൈസ് 25 രൂപ നിരക്കിൽ നൽകും. നിലവിൽ 29 രൂപയ്ക്കാണ് K റൈസ് നൽകുന്നത്.

&&&&&&&&&&&&&&&&&&&

## NIPAH-KERALA

നിപ്പ പ്രതിരോധത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ കണ്ടെയ്ൻമെന്റ് സോണുകളായി പ്രഖ്യാപിച്ച 18 വാർഡുകളിലെ നിയന്ത്രണങ്ങൾ പിൻവലിച്ചതായി ജില്ലാ കളക്ടർ അറിയിച്ചു. മണ്ണാർക്കാട് താലൂക്ക് പരിധിയിൽ പൊതുയിടങ്ങളിൽ മാസ്ക് നിർബന്ധമാക്കി.

RIJU TVPM

&&&&&&&&&&&&&&&&&&&

**മഴ**

കേരളത്തിൽ അഞ്ചുദിവസം കൂടി മഴ ശക്തമായി തുടരുമെന്നാണ് റിപ്പോർട്ട്. ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് അറിയിച്ചു. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ

നിർദേശപ്രകാരം മാറിതാമസിക്കണം. നദീതീരങ്ങളിൽ ഉള്ളവരും ജാഗ്രത പുലർത്തണം. ഉയർന്ന തിരമലകൾക്കും സാധ്യതയുണ്ട്.

കേരള-കർണാടക തീരത്ത് നാളെവരെയും ലക്ഷദ്വീപ് തീരത്ത് ഈ മാസം 24 വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&&

**കോഴിക്കോട് Intro**

കോഴിക്കോട് കടലുണ്ടി പഞ്ചായത്തിനെ സമ്പൂർണ ചെസ്സ് ഗ്രാമമാക്കുന്നതിനായി പ്രത്യേക പദ്ധതി ഒരുങ്ങുന്നു. കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....

RNU TVPM

(വോയിസ്)

&&&&&&&&&&&&&&&&&&&

**ചെസ്**

ജോർജിയയിൽ നടക്കുന്ന FIDE വനിതാ ചെസ് ലോകകപ്പ് സെമിഫൈനലിൽ ഇന്ത്യയുടെ കൊനേരു ഹംപി, ചൈനീസ് താരം ലേയ് - ചിങ്ജിയെ നേരിടും. FIDE വനിതാ ചെസ് ലോകകപ്പിൽ സെമിഫൈനലിൽ എത്തുന്ന ആദ്യ ഇന്ത്യൻ വനിതയാണ് കൊനേരു ഹംപി. ക്വാർട്ടർ ഫൈനലിൽ

ചൈനയുടെ സോങ് യുക്സിനെ ഹംപി പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

**കെസിഎൽ**

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസണിന്റെ പ്രഖ്യാപനം തിരുവനന്തപുരത്ത് മന്ത്രി വി.അബ്ദുറഹിമാൻ നിർവഹിച്ചു. . ഭാഗ്യചിഹ്നങ്ങളായ ബാറ്റേന്തിയ കൊമ്പൻ, ചാക്യാർ, വേഴാമ്പൽ എന്നിവയും മന്ത്രി പ്രകാശനം ചെയ്തു.

&&&&&&&&&&&&&&&&&&

RNU TVPM

**സീനിയർ മീറ്റ്**

സംസ്ഥാന സീനിയർ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് തുടക്കം. തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടക്കുന്ന മീറ്റ് നാളെ സമാപിക്കും. 600ൽപ്പരം കായികതാരങ്ങൾ പങ്കെടുക്കുന്നു.

&&&&&&&&&&&&&&&&&&

**ദേശീയ ജൂനിയർഫുട്ബോൾ**

ആൺകുട്ടികളുടെ ദേശീയ ജൂനിയർ ഫുട്ബോളിൽ കേരളം ഇന്ന് ആദ്യ മത്സരത്തിനിറങ്ങുന്നു. മേഘാലയയാണ് എതിരാളി. പഞ്ചാബിലെ അമൃത്സർ ഗുരുനാനാക് ദേവ്

സർവകലാശാല സ്റ്റേഡിയത്തിൽ വൈകിട്ട് നാലിനാണ് കളി.

&&&&&&&&&&&&&&&&&&

**MALABAR RIVER FESTIVAL**

മലബാർ റിവർ ഫെസ്റ്റിവൽ പതിനൊന്നാം പതിപ്പിൻ്റെ ഭാഗമായി ഇന്ന് വയനാട് ചുരം ഗ്രീൻ ബ്രിഗേഡിൻ്റെ നേതൃത്വത്തിൽ ചുരം മഴയാത്ര സംഘടിപ്പിക്കും. ലക്കിടിയിൽ നിന്നാരംഭിച്ച് നാലാം വളവിൽ അവസാനിക്കുന്ന രീതിയിലാണ് യാത്ര.

RNU TVPM

&&&&&&&&&&&&&&&&&&

**ഓഹരി / സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.ബോംബെ ഓഹരി സൂചിക സെൻസെക്സ് 268 പോയിന്റ് ഉയർന്ന് 82,028 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 70 പോയിന്റ് കൂടി 25,041ലും വ്യാപാരം തുടരുന്നു .

സ്വർണവില കൂടി.സ്വർണം പവന് 80 രൂപ വർധിച്ചു 73,440 രൂപയും ,ഗ്രാമിന് 9,180 രൂപയുമാണ് ഇന്നത്തെ വില .

&&&&&&&&&&&&&&&&&&

**മാ കെയർ സ്റ്റോറുകൾ**

സംസ്ഥാനത്തെ സ്കൂളുകളിൽ കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള 'മാ കെയർ സ്റ്റോറുകൾ' നാളെ തുടങ്ങും. വിദ്യാർഥികൾക്ക് ആരോഗ്യകരവും പോഷക സമ്പുഷ്ടവുമായ ലഘു ഭക്ഷണം, പാനീയങ്ങൾ, സ്കൂൾ സ്റ്റേഷനറി ഐറ്റങ്ങൾ, സാനിറ്ററി നാപ്കിനുകൾ എന്നിവ സ്റ്റോറിലൂടെ വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&

## ശബരിമല

കർക്കടകമാസ പൂജകൾക്കായി തുറന്ന ശബരിമല ക്ഷേത്ര നട പൂജകൾ പൂർത്തിയാക്കി ഇന്നു രാത്രി 10 നു അടയ്ക്കും. നിറപുത്തരി പൂജക്കായി ഈമാസം 29ന് നട വീണ്ടും തുറക്കും. 30നാണ് നിറപുത്തരി.

RNUTVPM

&&&&&&&&&&&&&&&&&&

## കർക്കിടക വാവ്

കർക്കിടക വാവ് ബലിക്കുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. വ്യാഴാഴ്ചയാണ് കർക്കിടക വാവ്. മലപ്പുറം തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിൽ കർടകമാസ വാവു ബലി തർപ്പണം വ്യാഴം പുലർച്ചെ രണ്ടിന് ആരംഭിക്കും. എറണാകുളം ജില്ലയിൽ ആലുവ മണപ്പുറത്തും കാലടി പെരിയാറിന്റെ തീരത്തും ബലിതർപ്പണത്തിനുള്ള ഒരുക്കം പൂർത്തിയായി വരുന്നു. തിരുവനന്തപുരത്തെ തിരുവല്ലം, ശംഖുമുഖം, അരുവിപ്പുറം, വർക്കല പാപനാശം,കൊല്ലം

തിരുമുല്ലവാരം,വയനാട് തിരുനെല്ലി ക്ഷേത്രം എന്നിവിടങ്ങളിൽ വിപുലമായ സൗകര്യങ്ങളാണ് ഒരുക്കുന്നത്.

&&&&&&&&&&&&&&&&&&

**മെഡിക്കൽ കൗൺസലിങ്**

മെഡിക്കൽ കൗൺസലിങ് കമ്മിറ്റി നടത്തുന്ന അഖിലേന്ത്യ നീറ്റ് യുജി 2025 അലോട്ട്മെന്റ് പ്രക്രിയക്ക് ഇന്ന് തുടക്കം. എംബിബി എസ്, ബിഡിഎസ്, ബിഎസ്‌സി നഴ്സിങ് പ്രോഗ്രാമുകളിലെ നിശ്ചിത സീറ്റുകളിലാണ് പ്രവേശനം.

&&&&&&&&&&&&&&&&&&

**അന്തരാഷ്ട്ര ചാന്ദ്രദിനം**

അന്താരാഷ്ട്ര ചാന്ദ്രദിനാചരണത്തിൻറെ ഭാഗമായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ആസ്ട്രാ കേരളയുമായി ചേർന്ന് ഇന്ന് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കും. ചാന്ദ്രപര്യവേഷണത്തിന്റെ ചരിത്ര പ്രാധാന്യം ഓർമ്മപ്പെടുത്തുകയും ബഹിരാകാശ ശാസ്ത്രത്തിൽ പൊതുജന താൽപര്യം വളർത്തുകയും ചെയ്യുക എന്നതാണ് ചാന്ദ്രദിനാഘോഷത്തിന്റെ ലക്ഷ്യം.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM